# ബജറ്റ് പ്രസംഗം

**ബഹു.ജനപ്രതിനിധികളെ , ഉദ്യോഗസ്ഥരെ, സുഹൃത്തുക്കളെ,**

2026–2027 സാമ്പത്തിക വർഷത്തിലെ ബജറ്റ് ചർച്ച വേളയിലെ ഏതാനും കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. പഞ്ചായത്ത് രാജ് വ്യവസ്ഥയുടെ ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമാണല്ലോ ഗ്രാമപഞ്ചായത്ത്

2025 ഡിസംബറിൽ അധികാരത്തിൽ വന്ന പുതിയ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റാണ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് മിസിത സൂരജ് മുമ്പാകെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ അടുത്ത ഒരു വർഷം നമ്മുടെ പഞ്ചായത്തിലെ ആബാലവൃദ്ധം ജനങ്ങളുടെയും ഉന്നമനത്തിനും പുരോഗതിക്കും ഈ ബജറ്റ് ഹേതുവാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. കിടപ്പാടമില്ലാത്ത ദരിദ്രരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാനാവശ്യമായ തുക വകയിരുത്താൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. മറ്റ് പ്രധാന പ്രശ്നമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും , കാർഷിക മേഖല സമ്പുഷ്ടമാക്കാനും ആരോഗ്യമേഖല കൂടുതൽ വിപുലപ്പെടുത്താനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വിദ്യാർത്ഥി യുവജനങ്ങളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് നമ്മുടെ സ്വപ്ന പദ്ധതിയായ മിനി സ്റ്റേഡിയം നിർമ്മാണവും പ്രത്യേകം പരിഗണിച്ചിട്ടുണ്ട്. ജല സേചന പദ്ധതിയിലൂടെ കുടിവെള്ള ക്ഷാമവും കൂടി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ മപ്പാട്ടുകര തടയണക്ക് സമീപം സ്ഥാപിക്കുന്ന ജല സേചന പദ്ധതിയിലൂടെ മുളയൻകാവ് , വണ്ടുംതറ, എരവത്ര പ്രദേശങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയുന്ന പദ്ധതി ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കലാ സാംസ്കാരിക കാർഷിക മേഖലകൾക്ക് കൂടുതൽ ഊർജ്ജം പകരുന്ന ഉത്സവഛായയോടെ നടത്താൻ ഉദ്ദേശിക്കുന്ന ഗ്രമോത്സവ പരിപാടി ഈ ബഡ്ജറ്റിലെ എടുത്ത് പറയേണ്ട സവിശേഷതയാണ്.

ജനകീയാസൂത്രണ പദ്ധതി വിഹിതമായി കേരളസർക്കാർ ബജറ്റ് പ്രകാരം വികസന ഫണ്ട് ഇനത്തിൽ ജനറൽവിഭാഗം 3,10,42,000 രൂപയും, ( മൂന്ന് കോടി പത്ത് ലക്ഷത്തി നാൽപത്തി രണ്ടായിരം രൂപ ) പ്രത്യേക ഘടക പദ്ധതി 1,03,61,000 രൂപ ( ഒരുകോടി മൂന്ന് ലക്ഷത്തി അറുപത്തി ഒന്നായിരം രൂപ ) മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനത്തിൽ 59,49,000 ( അൻപത്തി ഒൻപത് ലക്ഷത്തി നാൽപത്തി ഒൻപതിനായിരം ) രൂപയും , റോഡ് മെയ്ന്റനൻസിനായി 1,61,86,000 (ഒരുകോടി അറുപത്തി ഒന്ന് ലക്ഷത്തി എൺപത്തി ആറായിരം ) , ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ **2,29,89,000/-** ( രണ്ട് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി എൺപത്തി ഒൻപതിനായിരം) രൂപ ലഭിക്കുന്നു.

അടുത്തതായി ബഹു.വൈസ് പ്രസിഡണ്ട് ശ്രീമതി.മിസിത സൂരജ് 2026–2027 വർഷത്തെ കരട് ബജറ്റ് അവതരിപ്പിക്കുന്നതായിരിക്കും , പ്രസ്തുത ബജവതരണവേളയിലേയ്ക്കും തുടർ നടപടികൾക്കായുള്ള വിശദമായ ചർച്ചയിലേയക്കും ഏവരേയും ക്ഷണിക്കുന്നു.

ഏവർക്കും ക്ഷേമ ഐശ്വര്യങ്ങൾ നേർന്ന് കൊണ്ട്

വി.എം.മുഹമ്മദലി

പ്രസിഡൻറ്, കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്